## III. ശ്രദ്ധ ക്ഷണിക്കൽ

(1) സർക്കാർ മേഖലയിൽ കൂടുതൽ സ്പെഷ്യൽ സ്കൂളുകൾ ആരംഭിക്കൽ

ശ്രീമതി സി. കെ. ആശ: സർ, തീവ്ര-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളും, അവരുടെ രക്ഷിതാക്കളും, അവർ പഠിച്ചുവരുന്ന സ്പെഷ്യൽ സ്കൂളുകളുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധ വിഷയങ്ങളും ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിലേക്കും ആയതിന് പരിഹാരം കാണുന്നതിലേക്കുമാണ് ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുന്നത്. നിലവിൽ ലഭ്യമായ ഡാറ്റകൾപ്രകാരം നാല് കോടിയിലേറെ ബൗദ്ധിക ഭിന്നശേഷിക്കാർ നമ്മുടെ രാജ്യത്തുണ്ടെന്നാണ് അറിയുന്നത്. അതിൽ രണ്ടരലക്ഷത്തോളം പേർ നമ്മുടെ സംസ്ഥാനത്തുള്ളവരാണ്. അതിൽ തീവ്ര-ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളും അവരുടെ കുടുംബങ്ങളും ഒരു പരിധിവരെ നമ്മുടെ സർക്കാരിന്റെയും സമൂഹത്തിന്റെയും അവഗണന ഏറ്റുവാങ്ങുന്നവരാണെന്നതാണ് യാഥാർത്ഥ്യം. തീവ്ര വെല്ലുവിളികൾ നേരിടുന്ന ഈ വിഭാഗം വ്യക്തികൾ ഏറെയും

സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകളിലാണ് അധ്യയനം നടത്തുന്നത്. സംസ്ഥാനത്ത് സർക്കാരിന്റെ അധീനതയിൽ ഒരു സ്പെഷ്യൽ സ്കൂൾ മാത്രമാണ് ഇന്ന് നിലവിലുള്ളത്. ബാക്കിയുള്ള 285 സ്കൂളുകളും എൻ.ജി.ഒ.-കൾ നടത്തുന്ന സ്കൂളുകളാണ്. സംസ്ഥാനത്തെ ബഡ്സ് സ്കൂളുകളിൽ ഒരു കുട്ടിയുണ്ടെങ്കിൽ ആ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നുണ്ട്. പക്ഷേ ഈ സ്പെഷ്യൽ സ്കൂളുകളിൽ 18 വയസ്സിന് താഴെയുള്ള 20 കുട്ടികളുണ്ടെങ്കിൽ മാത്രമേ അത്തരം സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുകയുള്ളൂ. ഇത്തരത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ ഒരു തരത്തിലുമുള്ള സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നില്ല. കുട്ടികൾക്കാവശ്യമായ മെഡിസിൻ, ഫിസിയോ തെറാപ്പി ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനും ചെറിയ രീതിയിലുള്ള തൊഴിൽ പരിശീലനങ്ങൾ ചെയ്യുന്നതിനും അവർക്ക് ചാരിറ്റി ഉൾപ്പെടെയുള്ള സന്നദ്ധ സംഘടനകളുടെയോ അല്ലെങ്കിൽ അത്തരത്തിലുള്ള വ്യക്തികളുടെയോ സഹായം മാത്രമാണ് നിലവിലുള്ളത്. അതുകൊണ്ട് അവർക്ക് 18 വയസ്സ് എന്നുള്ള പ്രായപരിധി ഒഴിവാക്കി അത്തരം സ്കൂളുകൾക്കും അംഗീകാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം. 18

വയസ്സിനുശേഷം ഇവർ എങ്ങോട്ടാണ് പോകുന്നത്? പുനരധിവാസ കേന്ദ്രങ്ങളില്ല. രണ്ട് പുനരധിവാസ കേന്ദ്രങ്ങൾ മാത്രമാണ് സർക്കാരിന്റെ നിയന്ത്രണത്തിലുള്ളത്. ബാക്കിയുള്ളത് എൻ.ജി.ഒ.-കളുടെ നിയന്ത്രണത്തിലുള്ള പുനരധിവാസ കേന്ദ്രങ്ങളാണ്.

അതിതീവ്ര ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാവോ പിതാവോ ആരെങ്കിലും  ഒരാൾ മുഴുവൻ സമയവും ഇവരെ സംരക്ഷിക്കേണ്ട സാഹചര്യമാണുള്ളത്. 18 വയസ്സിനുശേഷം ഇവരുടെ ബുദ്ധിക്ക് യാതൊരു വികാസവും സംഭവിക്കാത്തതുകൊണ്ട് ആജീവനാന്തകാലം അവരെ സംരക്ഷിക്കുന്നതിന് ഒരാൾ പൂർണ്ണമായും അവരോടൊപ്പം നിൽക്കേണ്ട സാഹചര്യമുണ്ട്. ആയതിനാൽ പുനരധിവാസ കേന്ദ്രങ്ങൾ വളരെയധികം അത്യാവശ്യമാണ്. അത്തരത്തിൽ കൂടുതൽ പുനരധിവാസ കേന്ദ്രങ്ങൾ സർക്കാർ ആരംഭിച്ച് അവർക്ക് സംരക്ഷണം നൽകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അതോടൊപ്പം സാമൂഹ്യ സുരക്ഷാ പെൻഷന് വരുമാന പരിധി നിശ്ചയിച്ചിരിക്കുന്നത് ഒരു ലക്ഷം രൂപയാണ്. സ്വന്തമായി വരുമാനമില്ലാത്ത, ഇത്തരം വെല്ലുവിളികൾ നേരിടുന്ന വിഭാഗക്കാരുള്ള ഒരു

കുടുംബത്തിൽ ഒരു ലക്ഷം രൂപ പരിധി നിശ്ചയിച്ചാൽ അവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് വളരെയേറെ പ്രയാസം നേരിടുന്ന സാഹചര്യമുണ്ട്. ഏറ്റവും ചുരുങ്ങിയത് 5 ലക്ഷം രൂപയായെങ്കിലും അവരുടെ വരുമാന പരിധി ഉയർത്തുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീമതി സി. കെ. ആശ: സർ, ഒന്നുരണ്ട് കാര്യങ്ങൾകൂടി വളരെ വേഗത്തിൽ പറയാം. ആശ്വാസകിരണം പദ്ധതിക്ക് 17 മാസത്തെ കുടിശ്ശികയുണ്ടായിരുന്നു. ഏഴുമാസത്തെ കുടിശ്ശിക കഴിഞ്ഞമാസം നൽകിയതിന്റെ നന്ദി അറിയിക്കുന്നു. അവശേഷിക്കുന്ന പത്ത് മാസത്തേതുകൂടി അടിയന്തരമായി അനുവദിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കണം. കൂടാതെ, ഈ വിഭാഗക്കാരുടെ 'നിരാമയ' ആരോഗ്യ ഇൻഷ്വറൻസിന്റെ പ്രീമിയം തുക സർക്കാർ അടച്ചുകൊണ്ടിരുന്നതാണ്. വളരെക്കുറച്ച് പ്രീമിയം തുക മാത്രമാണുള്ളത്. സർക്കാർ ഇപ്പോഴത് അടയ്ക്കാത്തതിനാൽ വലിയ പ്രതിസന്ധിയാണ് നിലനിൽക്കുന്നത്. അത് കൊടുക്കാനുള്ള നടപടികൂടി സർക്കാർ സ്വീകരിക്കണം. സാമൂഹ്യ സുരക്ഷാ പെൻഷൻ വർധിപ്പിക്കുന്നതിനും

ഭിന്നശേഷിക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റും UDID (Unique Disability Identity cards) കാർഡും സമയബന്ധിതമായി അവർക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെയും വകുപ്പിന്റെയും ഭാഗത്തുനിന്നുമുണ്ടാകണം. ഈ വിഭാഗത്തിൽപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ സംരക്ഷിക്കുന്നതിനും അവരുടെ കുടുംബാംഗങ്ങളെ ചേർത്തുപിടിക്കുന്നതിനുമായ നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരെയും പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടുപോകുന്ന ഒരു സർക്കാരാണിത്. ‘ The Rights of Persons With Disabilities Act’ പ്രകാരമുള്ള വ്യവസ്ഥകൾ ഏറ്റവും കാര്യക്ഷമമായും ത്വരിതഗതിയിലുമാണ് നാം നടപ്പാക്കിവരുന്നത്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസം, ആരോഗ്യം, സ്വയംതൊഴിൽ, വിദ്യാഭ്യാസം, തൊഴിൽ

സംവരണം എന്നീ മേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേന വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ട്.

സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസബിലിറ്റീസ് മുഖേന പ്രീ-സ്കൂൾ തലത്തിൽതന്നെ കുട്ടികൾക്ക് അനുയോജ്യമായ പരിശീലനവും പരിചരണവും നൽകി പരമാവധി കുട്ടികളെ ജനറൽ സ്കൂളുകളിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന സ്പെഷ്യൽ അങ്കണവാടികൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അക്കാദമിക പരിശീലനത്തോടൊപ്പം തെറാപ്പികളും നൈപുണ്യ വികസന പരിശീലനവുമെല്ലാം നൽകുന്ന മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ, റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററുകൾ, ചൈൽഡ് ഡെവലപ്മെന്റ് റിസർച്ച് സെന്റർ, ഓട്ടിസം സ്ക്രീനിങ്ങും ആധുനിക തെറാപ്പി സൗകര്യങ്ങളും ഈ മേഖലയിലെ പഠന-ഗവേഷണ പ്രവർത്തനങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനവുമെല്ലാം ഉൾക്കൊള്ളുന്ന സ്പെക്ട്രം (SPECTRUM) പദ്ധതി എന്നിവ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്നവയാണ്.

നിലവിൽ തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, മഞ്ചേരി, മെഡിക്കൽ കോളേജുകളിലും കോഴിക്കോട് IMHANS-ലും ഓട്ടിസം സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഓട്ടിസം സംശയിക്കുന്ന മൂന്ന് വയസ്സിനുതാഴെ പ്രായമുള്ള കുട്ടികൾക്ക്, പ്രാരംഭ ഘട്ടത്തിൽത്തന്നെ ഈ പ്രശ്നം കൈകാര്യം ചെയ്യുന്നതിനായി എല്ലാ വിധത്തിലും തെറാപ്പി സൗകര്യങ്ങളുള്ള റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ സെന്ററും ഗവേഷണ കേന്ദ്രവും ഇരിങ്ങാലക്കുടയിലെ നിപ്മർ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷൻ) കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിഷിലും (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്) ഓട്ടിസം സ്പെക്ട്രം ഡിസോർഡർ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച, സ്പെഷ്യൽ സ്കൂളുകൾ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിലാണ് വരുന്നത്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഉൾച്ചേർക്കൽ വിദ്യാഭ്യാസമെന്ന നയത്തിലൂന്നി ആരംഭിച്ച പദ്ധതികളിലൊന്നാണ് മോഡൽ ഇൻക്ലൂസീവ് സ്കൂൾ പദ്ധതി. 84 സ്കൂളുകൾ ഈ പദ്ധതിയിലുൾപ്പെട്ടിട്ടുണ്ട്. സ്കൂളുകളിൽ ഇത്തരം കുട്ടികൾക്കുവേണ്ട

സൗഹൃദാന്തരീക്ഷമുണ്ടാക്കുന്ന തരത്തിലുള്ള പരിശീലനങ്ങളും തെറാപ്പി സൗകര്യങ്ങളുമെല്ലാം നൽകിവരുന്നുണ്ട്. 2023-2024 വർഷത്തിൽ ഗ്രാന്റിനായി അപേക്ഷ സമർപ്പിച്ച 275 സ്കൂളുകൾക്ക് 44,91,00,610/- (നാല്പത്തിനാല് കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി അറുന്നൂറ്റി പത്ത്) രൂപ സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2024-25 വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 288 സ്കൂളുകളുടെ അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്. ഭിന്നശേഷി വിദ്യാർഥികൾക്ക് സമഗ്രശിക്ഷാ അഭിയാന്റെ ഭാഗമായി ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, വെർച്വൽ ക്ലാസ് മുറികൾ, ചങ്ങാതിക്കൂട്ടം, സ്പെഷ്യൽ കെയർ സെന്ററുകൾ, പർച്ചെയ്സ്/ഡെവലപ്മെന്റ് ഓഫ് ഇൻസ്പെക്ഷന് ആവശ്യമായ മെറ്റീരിയൽസ്, മെഡിക്കൽ ക്യാമ്പ്, സഹായ ഉപകരണങ്ങളുടെ വിതരണം, സ്പോർട്സ് & എക്സ്പോഷർ വിസിറ്റ്, തെറാപ്പി സൗകര്യങ്ങൾ, പഠന സാമഗ്രികൾ വികസിപ്പിക്കൽ, ഓഗ്മെന്റേഷൻ ഓഫ് ഓട്ടിസം സെന്റേഴ്സ്, എൻവയോൺമെന്റ് ബിൽഡിങ് പ്രോഗ്രാം തുടങ്ങി നിരവധിയായ ഘടകങ്ങൾ ഉൾച്ചേരുന്ന സമഗ്ര പദ്ധതി ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കുന്നുണ്ട്.

കുടുംബശ്രീയുടെ നേതൃത്വത്തിലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ബൗദ്ധിക ഭിന്നശേഷി നേരിടുന്ന കുട്ടികൾക്കായി ബഡ്സ് സ്കൂളുകളും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നത്. നിലവിൽ 378 ബഡ്സ് സ്ഥാപനങ്ങൾ (166 ബഡ്സ് സ്കൂളുകളും 212 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലൂടെ 13081 പരിശീലനാർഥികളായ ആളുകൾക്ക് പുനരധിവാസം, തൊഴിൽ പരിശീലനം, ദൈനംദിന ജീവിതത്തിനാവശ്യമായുള്ള പ്രായോഗിക പിന്തുണ എന്നിവയെല്ലാം നൽകിവരുന്നു. ബഡ്സ് സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് 36 സ്കൂളുകൾക്ക് 15 ലക്ഷം രൂപ വീതം കുടുംബശ്രീ അനുവദിച്ചുനൽകിയിട്ടുണ്ട്. ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപ വീതം 259 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. അവരുടെ ലൈവ്‌ലിഹുഡ് പാക്കേജ് പദ്ധതിയിലുൾപ്പെടുത്തി 230 സ്ഥാപനങ്ങളിൽ ഉപജീവന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് 4 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരിശീലനം പൂർത്തീകരിച്ച്

ഉൽപ്പന്ന നിർമ്മാണം ആരംഭിച്ചുകഴിഞ്ഞു. സഞ്ജീവനി-അഗ്രി തെറാപ്പി എന്ന പേരിൽ പഴം/പച്ചക്കറി കൃഷിക്കുള്ള പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെയും കോഴിക്കോട് യൂണിവേഴ്സിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ ഇത്തരം ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി കമ്മ്യൂണിറ്റി ഡിസെബിലിറ്റി മാനേജ്മെന്റ് & റീഹാബിലിറ്റേഷൻ പ്രോഗ്രാം കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിൽ നടപ്പാക്കിവരുന്നുണ്ട്.

സ്പെഷ്യൽ സ്കൂൾ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ച 18 വയസ്സിൽ താഴെയുള്ള 20 ഭിന്നശേഷിക്കാർ വേണമെന്ന നിബന്ധന സംബന്ധിച്ച് നിരവധി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ടി പശ്ചാത്തലത്തിൽ അക്കാര്യം പുനഃപരിശോധിക്കാവുന്നതാണ്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി തൃശ്ശൂരിൽ പ്രത്യാശാ ഭവനും കൊല്ലത്ത് പ്രിയാ ഹോമും പ്രവർത്തിച്ചുവരുന്നുണ്ട്. ഇപ്പോൾ ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമിട്ട് മൂന്ന് കേന്ദ്രങ്ങളിലായി സാമൂഹ്യനീതി വകുപ്പിനുകീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പുനരധിവാസ

വില്ലേജുകൾ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പാക്കുന്നതിന്റെ ഭാഗമായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. എല്ലാവിധ തെറാപ്പി സൗകര്യങ്ങളും ആരോഗ്യ കേന്ദ്രങ്ങളും തൊഴിൽ ഉൽപാദനപരമായ പ്രവർത്തനങ്ങളും സാധ്യമാകുന്ന വിധത്തിലാണ് പുനരധിവാസ ഗ്രാമങ്ങൾ ഡിസൈൻ ചെയ്യുന്നത്.

'നിരാമയ' ആരോഗ്യ ഇൻഷ്വറൻസിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള മുഴുവൻ വ്യക്തികൾക്കും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ സമഗ്ര ഇൻഷ്വറൻസ് നൽകിവരുന്നുണ്ട്. അതിന് അർഹരാണ് എന്നതിനാലാണ് അപ്രകാരം ചെയ്യുന്നത്. പ്ലാനിംഗ് ബോർഡിന്റെ തീർപ്പനുസരിച്ചാണ് നിരാമയ ഇൻഷ്വറൻസിന് പണം അടയ്ക്കാൻ കഴിയാതെ വന്നത്. ഈ വർഷം അത് നിർബന്ധപൂർവം അടയ്ക്കേണ്ടതുണ്ട് എന്ന ആവശ്യമുന്നയിച്ചതിന്റെ പശ്ചാത്തലത്തിൽ അതിന് അനുമതി ലഭ്യമായിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഉത്തരം ദീർഘമാണെങ്കിൽ മേശപ്പുറത്തുവയ്ക്കണം.

ഡോ. ആർ. ബിന്ദു: സർ, വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

ശ്രീമതി സി. കെ. ആശ: സർ, 18 വയസ്സിനുമേൽ അതിതീവ്ര ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള തൊഴിൽ പരിശീലനത്തിനായി നമ്മുടെ സർക്കാർ ബജറ്റിൽ പണം മാറ്റിവയ്ക്കുന്നുണ്ട്. അത് പൂർണ്ണമായും വിനിയോഗിക്കപ്പെടാതെ ലാപ്സായി പോകുന്നൊരു സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിച്ചുകൊണ്ട് അവർക്ക് തൊഴിൽ പരിശീലനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, ഇതിനകം ഇവിടെ അറിയിച്ച വിവരങ്ങളിൽത്തന്നെ ഇതിനുള്ള മറുപടിയുണ്ട്. ധാരാളം തൊഴിൽ ഉൽപാദനപരമായ പ്രവർത്തനങ്ങളും പരിശീലനങ്ങളും വ്യത്യസ്ത കേന്ദ്രങ്ങൾ ആസ്പദമാക്കി ഇവിടെ നടന്നുവരുന്നുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലനത്തിനാവശ്യമായ നൈപുണ്യ വികസന പദ്ധതികൾ ഉൾച്ചേരുന്ന 'പ്രചോദനം' എന്ന പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള പഠന മൊഡ്യൂളുകളെല്ലാം

---

\+ അനുബന്ധമായി ചേർത്തിരിക്കുന്നു.

രൂപീകരിച്ചുകഴിഞ്ഞു. ഈ വർഷം ഉടനെതന്നെ ആ പദ്ധതി ആരംഭിക്കുന്നതാണ്. എല്ലാ ജില്ലാകളിലും തിരഞ്ഞെടുക്കപ്പെടുന്ന NGO-കൾ മുഖാന്തരമാണ് 'പ്രചോദനം' എന്ന സ്കിൽ എൻഹാൻസ്മെന്റുമായി ബന്ധപ്പെട്ട തൊഴിൽ ഉൽപാദന പരിപാടി ആരംഭിക്കുന്നത്. അതുകൂടാതെ ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിന് 4 കോടി രൂപ ഇത്തവണത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടിയുള്ള മറ്റൊരു പദ്ധതിയുടെ ഭാഗമായും ഒരു കോടി രൂപ ലഭ്യമായിട്ടുണ്ട്. തീർച്ചയായും ഈ 5 കോടി രൂപയുടെ സമഗ്ര പദ്ധതിയിൽ കൂടുതൽ തൊഴിൽ ഉൽപാദനപരമായ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്.

(2) റാഗിങ് നിരോധന നിയമ ഭേദഗതി

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ ചെറുപ്പക്കാരിലും കൗമാരക്കാരിലും ശക്തിപ്പെട്ടുവരുന്ന ആക്രമണോത്സുകതയുടെ വിവിധ പ്രശ്നങ്ങൾ കഴിഞ്ഞ ദിവസങ്ങളിൽ നിയമസഭയിൽ വളരെ ശക്തമായി ചർച്ച ചെയ്യപ്പെട്ടു. ചെറുപ്പക്കാരിലേയ്ക്ക് കടന്നുവരുന്ന ലഹരിയുടെ വ്യാപനവും പുതിയ തലമുറയുടെ മനോഭാവത്തിലുള്ള പ്രശ്നങ്ങളുമെല്ലാം ഈ വലിയ അക്രമണോത്സുകതയ്ക്കും

അതുവഴിയുള്ള അരാജകത്വത്തിനും കാരണമായിട്ടുണ്ടെന്നും നമ്മൾ വിലയിരുത്തപ്പെടുകയുണ്ടായി. ഇതിന്റെ മറ്റൊരു പതിപ്പാണ് ഇന്ന് നമ്മുടെ ക്യാമ്പസുകളിൽ നടന്നുകൊണ്ടിരിക്കുന്നത്. ക്യാമ്പസുകളിൽ റാഗിങ് എന്ന പേരിൽ വലിയ പൈശാചികത അരങ്ങേറുകയാണ്. റാഗിങ്ങിന്റെ പേരിൽ നടക്കുന്ന സംഹാരതാണ്ഡവമാണ് ആക്രമണങ്ങളിലൂടെ ഓരോ ക്യാമ്പസുകളിൽനിന്നും കണ്ടുകൊണ്ടിരിക്കുന്നത്. ഇവിടെ നമ്മൾ കണേണ്ടത്, ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് കോട്ടയം ഗവ. നഴ്സിങ് കോളേജിലെ ഒരു വിദ്യാർഥി റാഗിങ്ങിന് വിധേയമായത്. അത് എന്ത് റാഗിങ് ആയിരുന്നു? ഒരു കുട്ടിയെ കട്ടിലിൽ കെട്ടിയിട്ട് സഹപാഠികൾ കോമ്പസ്സുകൊണ്ട് കുട്ടിയുടെ ദേഹമാസകലം ക്രൂരമായി കുത്തിമുറിവേല്പിച്ച് അതിലേക്ക് ലോഷനൊഴിക്കുകയാണ്. സ്വാഭാവികമായും പച്ചമാംസത്തിൽ കോമ്പസുകൊണ്ട് വരക്കുമ്പോഴും ലോഷൻ തട്ടുമ്പോഴുമുണ്ടാകുന്ന വേദനയിൽ കുട്ടി ആർത്ത് കരയുമ്പോൾ ഇത് ചെയ്യുന്ന സഹപാഠികൾ അവന്റെ കരച്ചിൽ കേട്ടിട്ട് ആർത്ത് ചിരിക്കുകയാണ്. ഇതാണ് നമ്മൾ കോട്ടയത്തെ നഴ്സിങ് കോളേജിൽ കണ്ടത്. ഈ സംഭവം കോട്ടയത്ത് നടക്കുന്നതിന് കൃത്യം ഒരു

വർഷം മുമ്പാണ് പൂക്കോട് വെറ്ററിനറി സർവകലാശാലയിലെ സംഭവമുണ്ടായത്. സഹപാഠികളുടെ റാഗിങ് ക്രൂരതയാൽ വിദ്യാർഥി കൊല്ലപ്പെട്ട സംഭവം ലോകമനസാക്ഷിയെ ഞെട്ടിച്ച വാർത്തയായിരുന്നു. അതിന്റെ ഒന്നാം വാർഷികമായിരുന്നു. അവിടെയും പ്രശ്നങ്ങളുണ്ട്. ആ വിദ്യാർഥി കൊല്ലപ്പെട്ട കേസുമായി ബന്ധപ്പെട്ട് സർവകലാശാലയിലുണ്ടായ അലംഭാവം, പ്രതികളെ സഹായിക്കുന്ന സമീപനം, ഒരു വിദ്യാർഥി സംഘടന പ്രതികൾക്കുവേണ്ടി കൈക്കൊണ്ട താൽപര്യം എന്നിവയൊക്കെ കാണേണ്ടതുണ്ട്. ടി വിദ്യാർഥി മരണപ്പെട്ട് ഒരു വർഷം തികയുമ്പോൾ ആ സർവകലാശാല ക്യാമ്പസിൽ ഒരു അനുശോചനമോ അനുസ്മരണമോ പോലുമുണ്ടായില്ല. എന്നാൽ, ആ സമയത്ത് അപകടത്തിൽപ്പെട്ട് മരിച്ച മറ്റൊരു വിദ്യാർഥിക്കുവേണ്ടി ക്യാമ്പസിൽ അനുസ്മരണ യോഗം നടന്നു. അത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. കൂടെ പഠിക്കുന്ന ഒരു കുട്ടി മരണപ്പെട്ടുപോയപ്പോൾ അതിനെ ഓർക്കാൻ ആ ക്യാമ്പസിന് സാധിച്ചു. എന്താണ് സിദ്ധാർഥനെ ഓർക്കാൻ സാധിക്കാതെപോയത്? ആ കുട്ടി മരണപ്പെട്ടിട്ടും അവനെ ക്രൂശിക്കാനുള്ള ശ്രമങ്ങൾ കലാശാലയിലും പ്രധാനപ്പെട്ട

വിദ്യാർഥി സംഘടനയുടെ ഭാഗത്തുനിന്നുമുണ്ടായി. ഒരു വർഷം കഴിഞ്ഞിട്ടും സിദ്ധാർഥൻ ഒരു നോവായും ദുഃഖമായും കേരളത്തിന്റെ മുമ്പിൽ അവശേഷിക്കുകയാണ്. പക്ഷേ ഒന്ന് അനുസ്മരിക്കാൻപോലും ആ ക്യാമ്പസിലെ കുട്ടികൾക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല, വേറെ ചിലരുടെ എതിർപ്പായിരുന്നു അതിന് സാധിക്കാതെ പോയത്. ഇത് ഇങ്ങനെ തുടർന്നുകൊണ്ടിരിക്കുകയാണ്. കാര്യവട്ടം ക്യാമ്പസിൽ സീനിയർ വിദ്യാർഥികൾ ജൂനിയർ വിദ്യാർഥികളെ വളഞ്ഞിട്ട് ആക്രമിച്ച സംഭവം കഴിഞ്ഞ ആഴ്ചയിൽ അരങ്ങേറിയിരുന്നു.

ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ ശ്രദ്ധക്ഷണിക്കൽ ഏഴ് മിനിട്ട് എടുത്താണ് അവതരിപ്പിച്ചത്.

ഡെപ്യൂട്ടി സ്പീക്കർ: അല്ല. മൂന്നരമിനിട്ടുകൊണ്ട് അവസാനിപ്പിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, തുപ്പിയ പച്ചവെള്ളം പരസ്യമായി കുടിക്കാൻ പറയുകയാണ്.

ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് മൂന്നരമിനിട്ടുകൊണ്ട് അവസാനിപ്പിക്കണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കാര്യവട്ടം ക്യാമ്പസിൽ സംഭവിച്ചതാണ്. അതിന്റെ ഒന്നും വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കാരണം, റാഗിങ് നിരോധന നിയമമുണ്ടെങ്കിലും അതിന് വേണ്ടത്ര മൂർച്ചയില്ലാത്തതുകൊണ്ടാണ് ഇതൊക്കെ സംഭവിക്കുന്നത്. റാഗിങ് നിരോധന നിയമത്തിൽ ജാമ്യം ലഭിക്കുന്ന വകുപ്പുകളും രണ്ട് വർഷത്തെ ശിക്ഷയുമാണ് ചുമത്തിയിട്ടുള്ളത്. അതുപോലെതന്നെ ഈ കാലഘട്ടത്തിൽ ഉയർന്നുവരുന്ന സൈബർ ആക്രമണങ്ങൾ, പ്രസ്തുത ആക്റ്റിന്റെ പരിധിയിൽ വരുന്നില്ല. ഒരു ഭീഷണിയോ സമ്മർദങ്ങളോ, ഫോൺ വഴിയുള്ള സൈബർ ആക്രമണങ്ങളോ അതിൽപ്പെടുന്നില്ല. ഇത്തരം കാര്യങ്ങൾകൂടി ആ നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരണം.

ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇത്രയും കാലമായി ഈ നിയമത്തിന്റെ കീഴിൽ ഒരേ ഒരു മാനഭംഗ കേസിൽമാത്രമാണ് ശിക്ഷയുണ്ടായിട്ടുള്ളത്.

ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് .... കൺക്ലൂഡ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒറ്റ കാര്യംകൂടി പറയട്ടെ. അതുകൊണ്ട് റാഗിങ് ആക്റ്റ് ശക്തിപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കണം. ജിഷ്ണു പ്രണോയി സംഭവമുണ്ടായപ്പോൾ സർക്കാർ വച്ച ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിയിട്ടില്ല. അത് നടപ്പാക്കുമോ? കഴിഞ്ഞ ദിവസം ...... (മൈക്ക് ഓഫ്) .......

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ റാഗിങ് തടയുന്നതിനായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും "UGC Regulations on Curbing the Menace of Ragging in Higher Educational Institutions, 2009" പ്രകാരം രൂപീകരിച്ചിട്ടുള്ള ഒരു ആന്റി റാഗിങ് കമ്മിറ്റി നിലവിലുണ്ട്. ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും തിരഞ്ഞെടുക്കപ്പെട്ട അധ്യാപകരെയും വിദ്യാർഥികളെയും പി.ടി.എ. അംഗങ്ങളെയും സ്ഥലം എസ്.എച്ച്.ഒ.-യെയും ഉൾപ്പെടുത്തിയാണ് പ്രദേശവാസികളുടെ സഹകരണത്തോടെ ആന്റി റാഗിങ് കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നത്. കൂടാതെ ക്യാമ്പസുകളിലെ റാഗിങ്ങിന്റെ പേരിൽ നടത്തിവരുന്ന അതിക്രമങ്ങൾ ഒഴിവാക്കുന്നതിന് ബഹുമാനപ്പെട്ട

സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം 16-07-2009-ലെ സർക്കുലർ 26/2009 പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നൽകിയിട്ടുള്ളതാണ്. വിദ്യാഭ്യാസ സ്ഥാപനമേധാവിക്ക് റാഗിങ്ങിനെ സംബന്ധിച്ച് പരാതി ലഭിക്കുന്ന വിവരത്തിൽ ആന്റി റാഗിങ് കമ്മിറ്റി നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് മുഖാന്തരം നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. റാഗിങ് സംബന്ധിച്ച പരാതികളിൽ പ്രതി സ്ഥാനത്താകുന്നവർക്കെതിരെ സസ്പെൻഷൻ ഉൾപ്പെടെയുള്ള കർശന നടപടികൾ ആന്റി റാഗിങ് കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപനമേധാവികൾ സ്വീകരിച്ചുവരുന്നുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള കോട്ടയം സർക്കാർ നഴ്സിങ് കോളേജിലെ സീനിയർ വിദ്യാർത്ഥികൾ ആ കോളേജിലെ ജൂനിയർ വിദ്യാർത്ഥിയെ ദേഹോപദ്രവം ഏൽപ്പിക്കുകയും റാഗിങ്ങിന് വിധേയനാക്കുകയും ചെയ്തുവെന്ന പരാതിയിൽ ബി.എൻ.എസ്.-ലെ 118(1), 308(2), 351(1), 3, 5, എന്നിവ, 1998-ലെ കേരള റാഗിങ് നിരോധന ആക്റ്റിലെ 3, 4 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 229/2025 ആയി കേസ്

രജിസ്റ്റർ ചെയ്തിട്ടുള്ളതും പ്രതികളെ അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത വിദ്യാർഥികളുടെ അഡ്മിഷൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്. റാഗിങ് തടയുന്നതിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയ വാർഡന്റെ ചുമതലയുള്ള പ്രിൻസിപ്പാളിനെയും അസിസ്റ്റന്റ് വാർഡന്റെ ചുമതലയുള്ള അസിസ്റ്റന്റ് പ്രൊഫസറെയും സർവീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തിയ കെയർടേക്കർ സെക്യൂരിറ്റിയെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്തുകൊണ്ടുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ആന്റി റാഗിങ് സ്ക്വാഡ് ഡ്യൂട്ടി ഫലപ്രദമായി നിർവഹിക്കാതെ വീഴ്ച വരുത്തിയ അധ്യാപകർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം നോട്ടീസിൽ പരാമർശിക്കുന്നതുപോലെ റാഗിങ് തടയുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ സർവകലാശാലകളോ സർക്കാരോ യാതൊരു വിധ അലംഭാവവും കാണിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഭരണകക്ഷിയുടെ സഹായം പ്രതികൾക്ക് ലഭിക്കുന്നുവെന്ന സൂചനയോടെ

ബഹുമാനപ്പെട്ട അംഗം പറഞ്ഞിട്ടുള്ള കാര്യങ്ങൾ വസ്തുതാവിരുദ്ധവും പിൻവലിക്കേണ്ടതുമാണ്. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള വയനാട് ജില്ലയിലെ പൂക്കോട് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ രണ്ടാം വർഷ ബി.വി.എസ്.സി. ആൻഡ് എ.എച്ച്. വിദ്യാർഥിയായ സിദ്ധാർഥന്റെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ ക്രിമിനൽ നടപടിക്രമം 174-ാം വകുപ്പുപ്രകാരം ക്രൈം 77/2024-ലായി കേസ് രജിസ്റ്റർ ചെയ്തിരുന്നു. മരണപ്പെട്ട സിദ്ധാർഥൻ റാഗിങ്ങിന് വിധേയനായതായി പരാതി ലഭിച്ചതിനെത്തുടർന്ന് ആന്റി റാഗിങ് സ്ക്വാഡ് നടത്തിയ അന്വേഷണത്തെ തുടർന്ന് ക്രിമിനൽ നടപടിക്രമം 174-ാം വകുപ്പ്, ഐ.പി.സി. 120(b), 341, 323, 324, 342, 355, 306, 34 എന്നീ വകുപ്പുകൾ പ്രകാരവും 1998-ലെ കേരള റാഗിങ് നിരോധന ആക്റ്റിലെ 3, 4 എന്നീ വകുപ്പുകൾ കൂട്ടിച്ചേർത്ത് കേസിൽ ഉൾപ്പെട്ട 20 പ്രതികളെ അറസ്റ്റുചെയ്ത് നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസിന്റെ അന്വേഷണം വയനാട് ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് നടന്നുവരവെ അന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കണമെന്ന

സിദ്ധാർഥന്റെ മാതാപിതാക്കളുടെ ആവശ്യപ്രകാരം അന്വേഷണം സി.ബി.ഐ.-ക്ക് കൈമാറിയിട്ടുണ്ട്. തിരുവനന്തപുരം കാര്യവട്ടം സർക്കാർ കോളേജിലെ വിദ്യാർഥിയായ ബിൻസ് ജോസിനെ റാഗിങ്ങിന് വിധേയനാക്കപ്പെട്ടുവെന്ന പരാതിയുടെ അടിസ്ഥാനത്തിൽ കഴക്കൂട്ടം പോലീസ് ബി.എൻ.എസ്.-ലെ 189(2), 191(2), 190, 115(2), 191(3), 126(2), 127(2), 118(1) എന്നീ വകുപ്പുകൾ പ്രകാരവും 1998-ലെ റാഗിങ് നിരോധന ആക്റ്റിലെ 3, 4 എന്നീ വകുപ്പുകൾ പ്രകാരവും ക്രൈം നമ്പർ 260/2025-ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിലെ പ്രതികളായ ഏഴ് വിദ്യാർഥികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരികയാണ്. റാഗിങ്ങിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിരന്തരം ബോധവൽക്കരണ പരിപാടികളും റാഗിങ് വിരുദ്ധ നിയമത്തെക്കുറിച്ചുള്ള ക്ലാസുകളും പോലീസിന്റെയും ആന്റി റാഗിങ് സെല്ലുകളുടെയും മേൽനോട്ടത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. വിദ്യാർഥികൾക്ക് സുരക്ഷിതവും ഭയരഹിതവുമായ അന്തരീഷം സൃഷ്ടിക്കാനും റാഗിങ് തടയാനും പോസിറ്റീവ് ക്യാമ്പസ് സംസ്കാരം പ്രോത്സാഹിപ്പിക്കാനും

ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഹൈക്കോടി പരാമർശിച്ചിട്ടുള്ള യു.ജി.സി. റെഗുലേഷൻ നിർദേശിക്കുന്ന വിധത്തിലുള്ള ആന്റി റാഗിങ് കമ്മിറ്റികളും ആന്റി റാഗിങ് സ്ക്വാഡുകളും ഇതിനകം രൂപീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കോളേജിൽ പ്രവേശനം നേടുന്ന അവസരത്തിൽ തന്നെ, റാഗിങ് നടത്തുകയോ റാഗിങ്ങിന് പിന്തുണ നൽകുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം വിദ്യാർഥിയുടേയും രക്ഷാകർത്താവിന്റെയും ഒപ്പുവച്ച് ശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്. എല്ലാ കോളേജ് ക്യാമ്പസുകളുടേയും വിവിധ ഭാഗങ്ങളിൽ റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ നടപടികളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള, 1998-ലെ കേരള റാഗിങ് നിരോധന ആക്റ്റിൽ റാഗിങ്ങിന് എതിരായിട്ടുള്ള അതിശക്തമായ നിയന്ത്രണങ്ങളും നിബന്ധനകളും ഉൾപ്പെടുത്തിയിട്ടുണ്ട്. റാഗിങ് നടന്നതായി തെളിയിക്കപ്പെട്ടാൽ രണ്ട് വർഷം വരെ തടവ് ശിക്ഷയും പതിനായിരം രൂപ വരെ പിഴയും ലഭിക്കാവുന്നതാണ്.

കേരള റാഗിങ് നിരോധന നിയമം പരിഷ്കരിക്കണമെന്ന ആവശ്യം പൊതുവിൽ ഉയർന്നുവന്നിട്ടുണ്ട്. കൂടുതൽ കർക്കശമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി 1998 -ലെ കേരള റാഗിങ് നിരോധന ആക്റ്റ് പരിഷ്കരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, റാഗിങ് നിരോധന നിയമത്തിന് നാളിതുവരെ റൂൾസ് ഫ്രെയിം ചെയ്തിട്ടില്ലെന്ന് ബഹു. ഹൈക്കോടതിയുടെ വിമർശനമുണ്ട്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകും. റാഗിങ് കേസിലെ പ്രതികളായ കുട്ടികൾക്ക് അതേ കോളേജിൽ തുടർന്ന് പഠിക്കുന്നതിനും അതേ വർഷം തന്നെ പരീക്ഷ എഴുതുന്നതിനും വിലക്ക് ഏർപ്പെടുത്തണമെന്ന് ബഹു. ഹൈക്കോടതിയും മറ്റുചില അന്വേഷണ കമ്മീഷനുകളും സൂചിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് സർക്കാർ അപ്രകാരമുള്ള തീരുമാനങ്ങൾ എടുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, റാഗിങ്ങിൽ പ്രതി ചേർക്കപ്പെടുന്ന കുട്ടികൾക്കെതിരായി ശക്തമായ എവിഡൻസ് ലഭിക്കുകയും അത് തെളിയുകയും

ചെയ്താൽ തീർച്ചയായും അവരെ പരീക്ഷകളിൽ നിന്ന് ഡീബാർ ചെയ്യുന്ന കാര്യം

പരിഗണിക്കാവുന്നതാണ്.